**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2130** **20-01-2021 - ൽ മറുപടിയ്ക്ക്**

**ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഷാനിമോൾ ഉസ്മാൻ** | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി)** | |
| (എ) | ആർദ്രം മിഷൻ വഴി സംസ്ഥാനത്തെ ആരോഗ്യരംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരാൻ സാധിച്ചത്; വിശദാംശം നൽകുമോ; | (എ) | ആർദ്രം പദ്ധതി വഴി പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതോടെ ഒ.പി. സേവനങ്ങൾ വൈകുന്നേരം 6 മണി വരെ ആക്കുകയും, നഴ്സസ് പ്രീ-ചെക്ക്-അപ്പ്, കൗൺസിലിംഗ്, നിത്യേനയുള്ള ജീവിത ശൈലീ രോഗ ക്ലിനിക്കുകൾ, ശ്വാസ്/ ആശ്വാസ് ക്ലിനിക്കുകൾ, ലബോറട്ടറി സൗകര്യം, ഉടങ്ങിയവ ലഭ്യമാക്കിവരുന്നു. ടി സ്ഥാപന ങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ആവ ശ്യമായ ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ഫാർമ സിസ്റ്റ്, ലാബ് ടെക്നീഷ്യൻമാരുടെ അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട നടപ ടികൾ ഘട്ടം ഘട്ടമായി നടന്നു വരുന്നു. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങളും ജില്ലാ ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. അവയ്ക്കാവശ്യമായ സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തിക കളും മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടെ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട് ഒ.പി.വിഭാഗം രോഗീ സൗഹൃദമാക്കുകയും, അതിലൂടെ കൂടുതൽ സൗകര്യങ്ങൾ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ലഭ്യമാക്കി വരുന്നു. |
| (ബി) | ജനങ്ങൾക്ക് നൽകുന്ന ആതുരസേവനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഇതിലൂടെ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുമ്പോൾ മെച്ചപ്പെട്ട രോഗി സൗഹൃദ സേവനം നൽകു കയും അതോടൊപ്പം അധിക തസ്തികകളും ടി. കേന്ദ്രങ്ങളിൽ അനുവദിച്ച് നൽകുന്നു. അടിസ്ഥാ ന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസിഡ് ഒ.പി, രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, സ്വകാര്യ തയോടെ കൂടിയ കൺസൾട്ടേഷൻ സൗകര്യ ങ്ങൾ, നഴ്സിംഗ് |

| | | | |
|---|---|---|---|
| | | | കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ രൂപീകരിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അധികമായി ഡോക്ടർമാരുടേയും സ്റ്റാഫ് നഴ്സ് , ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, എന്നിവരെ നിയമിക്കുകയും ഔട്ട് പേഷ്യന്റ് സേവനം 6 മണി വരെ ദീർഘിപ്പിക്കൽ, നഴ്സുമാരുടെ പ്രീ-ചെക്കപ്പ്, NCD ക്ലിനിക്കുകൾ , ശ്വാസ് ആശ്വാസ് ക്ലിനിക്ക് കൂടാതെ ലാബ് സൗകര്യവും ഇവിടങ്ങളിൽ പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങളും ജില്ലാ/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ഏർപ്പെടുത്തുക വഴി സർക്കാർ മേഖലയിൽ തന്നെ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തെരഞ്ഞെടുക്കപ്പെട്ട ജില്ലാ ജനറൽ ആശുപത്രികളിലായി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, യൂറോളജി എന്നിവ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ആർദ്രം പദ്ധതി നടപ്പിലാക്കി നാലുവർഷം കഴിഞ്ഞ സാഹചര്യത്തിൽ ഇത് സംബന്ധിച്ച് ജനകീയ ആഡിറ്റ് നടത്തുമോയെന്ന് അറിയിക്കാമോ; | (സി) | മറ്റു സർക്കാർ വകുപ്പിലേതു പോലെ ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും അക്കൗണ്ടന്റ് ജനറൽ കേരള -യുടെ വാർഷിക ഓഡിറ്റിന് വിധേയമാണ്. |
| (ഡി) | ഈ പദ്ധതി പ്രകാരം കൂടുതൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ആർദ്രം പദ്ധതി പ്രകാരം ഡോക്ടർമാർ , മറ്റ് പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പെടെ 2721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ ആർദ്രം മിഷൻ വഴി പുതുതായി സൃഷ്ടിച്ച ഡോക്ടർ തസ്തികകളിൽ നിയമനം നടത്തി യിട്ടുണ്ട്. ആർദ്രം പദ്ധതി വഴി സൃഷ്ടിക്കപ്പെട്ട ഫാർമസിസ്റ്റ് ഗ്രേഡ് II, സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിൽ പി.എസ്.സി വഴിയും ഇവയുടെ സ്ഥാനക്കയറ്റ തസ്തിക കളിൽ സ്ഥാനക്കയറ്റം വഴിയും ജീവനക്കാരെ നിയമിച്ചിട്ടുണ്ട് . ദന്തൽ ഹൈജീനിസ്റ്റ്, ദന്തൽ മെക്കാനിക്ക്, ലാബ് ടെക്നീഷ്യൻ, ജൂനിയർ സയന്റിഫിക്ക് ആഫീസർ, ഇ. സി. ജി ടെക്നീഷ്യൻ, റേഡിയോ ഗ്രാഫർ എന്നീ വിഭാഗം പാരാമെഡിക്കൽ ജീവനക്കാരെ ആർദ്രം പദ്ധതിയുടെ ഭാഗമായി നിയമി ച്ചിട്ടുണ്ട്. ഒപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിച്ചിരു ന്നുവെങ്കിലും റാങ്ക് ലിസ്റ്റ് നിലവിലില്ലാ ത്തതിനാൽ നിയമനം പൂർത്തീകരിച്ചിട്ടില്ല. ആർദ്രം പദ്ധതി ഉൾപ്പെടെ ആരോഗ്യ വകുപ്പിൽ മാത്രം ഇതുവരെ 3360 തസ്തികകൾ ഈ സർക്കാർ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ